കേരള സർക്കാർ

തദ്ദേശ ഭരണ (ഇ) വകുപ്പ്

33729/ഇ3/99/തദ്വ.

തിരുവനന്തപുരം,
തീയതി: 6.8.1999.

സർക്കുലർ

വിഷയം:- കെടിടങ്ങളുടെ മുൻവശത്ത് അനധികൃത ഷെഡ് നിർമ്മാണം തടയുന്നത് സംബന്ധിച്ച്.

...

നിലവിലുള്ള കെടിടങ്ങളോടു ചേർന്ന് മുൻഭാഗത്തായി നിയമാനുസരണം ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലത്ത് പലരും അനധികൃതമായി ഷെഡ്ഡുകൾ നിർമ്മിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്നുണ്ട്. കെടിടത്തിനു മുൻവശത്ത് ഇരുമ്പു പൈപ്പുകൾ നാടി അവയ്ക്കുമേൽ ഫൈബർ ഗ്ലാസ് ഷീറ്റ് ഉടുക്കൊണ്ടുള്ള ഷെഡ്ഡ് നിർമ്മാണവും മറ്റും സാധാരണയായി കണ്ടുവരുന്നു. ഇതു കാലക്രമത്തിൽ കെടിടച്ചു മുറികളായി മാറി ഉപയോഗപ്പെടുത്തുന്നതായും കണ്ടുവരുന്നു. ഇപ്രകാരമുള്ള നിർമ്മാണങ്ങൾ ചില കേസുകളിൽ മുൻവശത്തുള്ള പൊതു നിരത്തിനോടു കൂടി നില്ക്കുന്ന വിധത്തിലുള്ളതായും വസ്തുതയും ശ്രദ്ധയിൽപ്പെടുന്നുണ്ട്. ഈ വിധമുള്ള അനധികൃത നിർമ്മാണങ്ങൾ കേരള കെടിട നിർമ്മാണ ചടങ്ങളുടെ ആത്മസത്തയ്ക്ക് മങ്ങലേല്പിക്കുന്നവയും അതുകൊണ്ടു തന്നെ തടയേണ്ടവയുമാണ്. ഈ സാഹചര്യത്തിൽ മേൽ പ്രസ്താവിച്ച തരത്തിലുള്ള അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു നീക്കുന്നതിനു വേണ്ട കർശന നടപടികൾ സ്വീകരിക്കുവാൻ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളോടും അഭ്യർത്ഥിക്കുന്നു.

എസ്. എം. വിജയാനന്ദ്
ഗവ. സെക്രടറി

മുനിസിപ്പൽ ഭരണ ഡയറക്ടർ, തിരുവനന്തപുരം.
(എല്ലാ കോർപ്പറേഷൻ/മുനിസിപ്പൽ സെക്രടറിമാർക്കും മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും പകർപ്പുകൾ നല്കേണ്ടതാണ്.)
പഞ്ചായത്തു ഡയറക്ടർ, തിരുവനന്തപുരം.
(എല്ലാ ജില്ലാ പ്രെപ്പോടി ഡയറക്ടർമാർക്കും പഞ്ചായത്തു സെക്രടറിമാർക്കും പകർപ്പുകൾ നല്കേണ്ടതാണ്.)
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
എല്ലാ വികസന അതോറിറ്റി സെക്രടറിമാർക്കും.
തദ്ദേശ ഭരണ (ഇ), (എം) വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥൻമാർക്കും.
പബ്ലിക് റിലേഷൻസ് ഡയറക്ടർ. (സർക്കുലറിലെ വിശദാംശങ്ങൾക്ക് വ്യാപകമായ പ്രചരണം നല്കുന്നതിന്.)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

7.8/ആർ.